കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – കോന്നി ഗ്രാമപഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ സ്ഥാപിക്കുന്നതിന് സ്ഥലം വിലയ്ക്കു വാങ്ങുന്നതിന് കോന്നി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 957/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 30-3-2012

---

പരാമർശം : 1. കോന്നി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 3-12-2011-ലെ 12 (1)-ാം നമ്പർ തീരുമാനം.

2. കോന്നി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14-12-2011 -ലെ A1-50/08 -ാം നമ്പർ കത്ത്

3. പഞ്ചായത്ത് ഡയറക്ടറുടെ 21-3-2012-ലെ സി 2-7352/112-ാം നമ്പർ കത്ത്.

ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ സ്ഥാപിക്കുന്നതിന് കോന്നി നാരായണപുരം മാർക്കറ്റിനോട് ചേർന്ന് കിടക്കുന്ന വിവിധ സർവേ നമ്പരുകളിൽപ്പെട്ട 48 സെന്റ് ഭൂമി വിലയ്ക്കു വാങ്ങുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും പരാമർശം (2) പ്രകാരം സർക്കാർ അനുമതിക്ക് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ പ്രസ്തുത പ്രൊപ്പോസൽ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കോന്നി ഗ്രാമപഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ സ്ഥാപിക്കുന്നതിന് കോന്നി നാരായണപുരം മാർക്കറ്റിനോട് ചേർന്ന് കിടക്കുന്ന താഴെപ്പറയുന്ന സർവ്വെ നമ്പരുകളിലുള്ള ഭൂമി വിലയ്ക്കു വാങ്ങുന്നതിന് 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരമുള്ള അനുമതി നേടിയശേഷം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ് എന്ന വ്യവസ്ഥയിൽ കോന്നി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| വില്ലേജ്, സർവ്വേ നമ്പർ | വിസ്തൃതി |
|---|---|
| 270/12, 270/25, 270/25 | 6 1/4 സെന്റ് |
| 270/25/2, 270/25/1 | 1 സെന്റ് |
| 270/11 | 3/4 സെന്റ് |
| 273/7/2, 7/3 | 40 സെന്റ് |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഏ. ആർ. സുരേശൻ,
ഡെപ്യൂട്ടി സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, പത്തനംതിട്ട
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് ആന്റ് അക്കൗണ്ട്സ്, കേരളം, തിരുവനന്തപുരം

സെക്രട്ടറി, കോന്നി ഗ്രാമപഞ്ചായത്ത്

ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

കൃഷി (എൻ.സി.എ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.